# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്, ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 1628/11/12/2024/റ്റി.വി.എം.</u>**

പരാതിക്കാരൻ : ബി.സുകേഷ്, ആമീസ്, ഹിൽടോപ്, മധുപാലം, തിരുവല്ലം.പി.ഒ, തിരുവനന്തപുരം.

എതിർകക്ഷി :

**<u>ഉത്തരവ് തിയതി : 2025 ജനുവരി മാസം 16</u>**

1. മധുപാലം ഇലങ്കത്തറക്കുന്ന് റോഡിൻറെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഹർജിക്കാരൻ നേരത്തെ സമർപ്പിച്ച എച്ച്.ആർ .എം .പി .നമ്പർ 5004/2018 എന്ന കേസ്, അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ നടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് 3/3/2023 ൽ കമ്മീഷൻ തീർപ്പാക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ഇതുവരെ പാലിച്ചിട്ടില്ലെന്നാരോപിച്ചുകൊണ്ട് ഹർജിക്കാരൻ സമർപ്പിച്ചതാണ് ഈ പരാതി (എച്ച് .ആർ.എം .പി. നമ്പർ : 1628/11/12/2024). ഹർജിക്കാരനെയും തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ പ്രതിനിധിയെയും നേരിൽ കേട്ടും സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചും 13-8-2024, 26-9-2024 എന്നീ തിയതികളിൽ കമ്മീഷൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മധുപാലം- ഇലങ്കത്തറക്കുന്ന് റോഡിൻെറ, കൈവരികളും concave mirror-ും സ്ഥാപിക്കുന്നതുൾപ്പെടെ മുഴുവൻ പണികളും എത്ര നാൾ കൊണ്ട് പൂർത്തിയാക്കി സഞ്ചാര യോഗ്യമാക്കാൻ സാധിക്കും എന്നത് സംബന്ധിച്ച് സമഗ്രമായ ഒരു അഡീഷണൽ റിപ്പോർട്ട് 31-12-2024-നുള്ളിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി കമ്മീഷനിൽ ഫയൽ ചെയ്യണമെന്ന് കമ്മീഷൻ 13-11-2024 ൽ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

3. മേൽ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് നഗരസഭാ സെക്രട്ടറി അഡീഷണൽ റിപ്പോർട്ടു സമർപ്പിച്ചു. Retaining wall design ചെയ്യുന്നതിന് തിരുവനന്തപുരം ഗവൺമെൻറ് എഞ്ചിനീയറിങ് കോളേജിന്റെ ഡിസൈനു വേണ്ടി കത്ത് നൽകിയിട്ടുണ്ടെന്നും

കോളേജിൽ നിന്നും ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി retaining wall നിർമ്മിക്കുന്നതാണെന്നും ടി സ്ഥലത്ത് റിഫ്ലക്ടർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു.

**4.** · ഹർജിക്കാരനും തിരുവനന്തപുരം നഗരസഭ സെക്രട്ടറിയെ പ്രതിനിധീകരിച്ചുകൊണ്ട് Assistant Executive Engineer (AEE) ശ്രീമതി വി.ആർ. രമാകുമാരിയും ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. എൻജിനീയറിങ് കോളേജിൽ നിന്നും ഇതുവരെ ഡിസൈൻ ലഭിച്ചിട്ടില്ലെന്ന് AEE അറിയിച്ചു. ഈ സാഹചര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് രണ്ടാഴ്ചക്കുള്ളിൽ പ്രസ്തുത ഡിസൈൻ എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അയച്ചു കൊടുക്കണം. അതിനായി ഈ ഉത്തരവിന്റെ ഒരു പകർപ്പ് നഗരസഭാ സെക്രട്ടറി പ്രിൻസിപ്പാളിന് നൽകണം. Concave mirror വെച്ചിരിക്കുന്ന അതേ സൈഡിൽ 12 മീറ്റർ താഴ്ചയുള്ള ഒരു കുഴി ഉണ്ടെന്നും അവിടെ കൈവരികൾ ഇല്ലാത്തതിനാൽ അപകടം സാധാരണമാണെന്നും ഓട്ടോറിക്ഷ ഓടിക്കുന്നവരും ഫയർഫോഴ്സും എത്തിയാണ് പലപ്പോഴും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതെന്നും വേറെ പല റോഡുകളിലും retaining wall ഇല്ലാത്ത സ്ഥലത്ത് കൈവരി സ്ഥാപിച്ചിട്ടുണ്ടെന്നും അപകടങ്ങൾ ഒഴിവാക്കാൻ ഈ സ്ഥലത്ത് കൈവരി (ഹാൻഡ് റെയിൽ) സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. അപ്രകാരം കൈവരി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് AEE അറിയിച്ചു.

എൻജിനീയറിങ് കോളേജ് പ്രിൻസിപ്പലിൽ നിന്നും എത്രയും വേഗം ഡിസൈൻ ലഭ്യമാക്കി, അപകടം ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ കൈവരി സ്ഥാപിക്കുന്ന കാര്യവും പരിഗണിച്ചും സത്വര നടപടികൾ സ്വീകരിച്ച് 4 മാസത്തിനുള്ളിൽ ഈ പരാതി പരിഹരിച്ച് അത് സംബന്ധിച്ച് ഒരു Action Taken Report കമ്മീഷനിൽ സമർപ്പിക്കണമെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/